**6**



## ക്യൂബയിൽ വീണ്ടും എൻഐവി ബൈബിളിനു അനുമതി

**6**



## ഓർത്തഡോക്സ് സഭയിൽ വിവാഹ ദിവസം വധുവിന്സാരി നിർബന്ധം.

## മിഷൻ ലീഡേഴ്സ് പ്രൊഫഷണൽ കോൺഫറൻസ് മെയ് 18–25 വരെ

ബനാകിങ്ടം ഫൗണ്ടേഷന്റെയും, നാഷണൽ പ്രെയർ ടീമിന്റെയും ആഭിമുഖ്യത്തിൽ മിഷൻ ലീഡേഴ്സ

P-13

## ചൈനയിലെ ഓൺലൈൻ വിൽപനയിലെ നിരോധിത പട്ടികയിൽ ബൈബിളും.

ചൈനയിൽ ബൈബിൾ ഓൺലൈനിൽ വിൽക്കുന്നതും,വാങ്ങുന്നതും നിരോധിച്ചു.പുസ്തകമെന്ന നിലയിൽ ബൈബിൾ വിൽക്കുന്നത് മുൻപേ വിലക്കുണ്ടായിരുന്നു.

P-7


FOLLOW US ON SOCIAL MEDIA

# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് കോൾ

HARVEST SOULS MISSION

VOL. 01 ISSUE - 06 CHRISTIAN NEWSPAPER PAGES 14 MAY 2018


# 714 ആരാധനാലയങ്ങൾ അടച്ചുപൂട്ടാൻ ഉത്തരവ്



റുവാണ്ട ഗവർണൻസ് ബോർഡ് തലവൻ അനാസ്റ്റസി ഷിയാക ഫെബ്രുവരി 28 ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലാണ് ശബ്ദമലിനീകരണം ആരോപിച്ച് 714 ആരാധനാലയങ്ങൾ അടച്ചുപൂട്ടാൻ ഉത്തരവ് ഇറക്കിയത്. ചില ക്രിസ്ത്യൻ ചർച്ചുകളിൽ ആരാധനാ സമയത്തുള്ള ഉച്ചത്തിലെ ശബ്ദം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാക്കുന്നു. ഇത് ആരോഗ്യത്തിന് ഹാനികരമാണ് എന്നു പറഞ്ഞാണ് ചർച്ചുകൾക്കും മുസ്ലീം മോസ്ക്കുകൾക്കും നിരോധനം ഏർപ്പെടുത്തിയത്. സർക്കാറിന്റെ ഈ തീരുമാനത്തിനെതിരെ ക്രൈസ്തവ നേതാക്കൾ ശക്തമായി പ്രതിഷേധിച്ച് രംഗത്തു വന്നിരുന്നു. ഉണർവ്വു യോഗങ്ങളിൽ ജനം ഉച്ചത്തിൽ ശക്തമായി ആരാധിക്കയും അന്യഭാഷകളിൽ സംസാരിക്കയും ചെയ്യുന്നത് പുറംലോകം അസ്വസ്ഥതയോടെയാണ് കാണുന്നത്.പുതിയ ആത്മാക്കൾ സഭകളിലേക്ക് കടന്നു വരുന്നതിന് തടയിടാൻ വേണ്ടിയാണ് ഈ നടപടി ഇറക്കിയതെന്ന് വിശ്വാസികൾ ആരോപിക്കുന്നു. പല സ്ഥലങ്ങളിലും ടെന്റുകൾ കെട്ടിയാണ് ജനം ആരാധിക്കുന്നത്.

# ആന്ധ്രായിൽ പാസ്റ്ററുടെ വീടിനും ബൈക്കിനും അക്രമികൾ തീയിട്ടു.



ആന്ധ്രായിൽ കിഴക്ക് ഗോദാവരി ഏ വി നഗരം ഗ്രാമത്തിലെ സഭാശുശ്രൂഷകനായ ജോൺ പോൾ ഏലിയാസ് ഗംഗ റെഡ്ഢിയുടെ വീടും ബൈക്കുമാണ് അക്രമികൾ അഗ്നിക്കിരയാക്കിയത്. ഏപ്രിൽ 18 ന് പാസ്റ്റർ സഹപ്രവർത്തകനുമായി അടുത്ത ഗ്രാമത്തിൽ പോയി പ്രാർത്ഥനാ യോഗം കഴിഞ്ഞ് തിരികെ 11.30 ന് വന്നതിനു ശേഷം കിടന്നുറങ്ങിയപ്പോൾ ചുറ്റുമുള്ളനരുടെ ബഹളം കേട്ട് എഴുന്നേറ്റു നോക്കിയപ്പോൾ തീ പടർന്നതും ആളുകൾ തീ അണയ്ക്കാൻ ശ്രമിക്കുന്നതുമാണ് കണ്ടത്. ഉൾഗ്രാമം ആയതുകൊണ്ട് പോലീസിൽ പരാതിപ്പെട്ടില്ലന്നും പരാതികൾ കൊടുത്തു സമൂഹത്തെ തങ്ങളിൽ നിന്നും അകറ്റാൻ ആഗ്രഹിക്കുന്നില്ലന്നും അദ്ദേഹം പറഞ്ഞു. ഈ ആക്രമം ആദ്യമല്ലെന്നും വർഷങ്ങൾക്കു മുൻപ് തന്റെ പിതാവിനെ ക്രൂരമായി തല്ലി ചതച്ചുവെന്നും,സഭാഹാൾ കത്തിച്ചു ചാമ്പലാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും യേശുവിലുള്ള വിശ്വാസം മുറുകെ പിടിച്ചു കൊണ്ട് ഇനിയും ദൈവവേലചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.





THE ENDTIME NEWS is pleased to announce the launch of our new website

# Editorial board

# ലേഖനങ്ങൾ

EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

## ഞാൻ പലർക്കും ഒരത്ഭുതം ആയിരിക്കുന്നു.

*ഞാൻ പലർക്കും ഒരത്ഭുതമായിരിക്കുന്നു; നീ എന്റെ ബലമുള്ള സങ്കേതമാകുന്നു. (സങ്കീർത്തനം 71:7)*

ക്രിസ്തീയ ജീവിതം അത്ഭുതങ്ങളുടെ ജീവിതമാണ്, വേദപുസ്തകം അത്ഭുത സത്യങ്ങളുടെ കൂമ്പാരമാണ്. നമ്മുടെ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. അങ്ങനെയെങ്കിൽ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നവർ, ദൈവപുസ്തക പ്രമാണങ്ങളെ മുറുകെ പിടിക്കുന്നവർ, ജീവനുള്ള ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർ പലർക്കും ഒരത്ഭുതമായിരിക്കുന്നതിൽ എന്താണിത്ര അത്ഭുതം? ദാവീദ് പറയുന്നു ഞാൻ പലർക്കും ഒരത്ഭുതമാണ്, സിംഹത്തിനും, കരടിയ്ക്കും ഞാൻ ഒരു അത്ഭുതമാണ്! അലറി വാപിളർന്നു ചാടി വീണിട്ടും ഇവൻ എങ്ങനെ രക്ഷപെട്ടു? ഫെലിസ്ത്യർക്ക് ഞാൻ ഒരു അത്ഭുതമാണ്! മല്ലനായ ഗോല്യാത്തിന്റെ തല ഇവൻ എങ്ങനെ കൊയ്തെടുത്തു? ശൗലിന്റെ കുന്തമുനകൾക്ക് ഞാൻ ഒരു അത്ഭുതമാണ്. ഉന്നം തെറ്റാത്ത ശൗര്യത്തിന്റെ മുമ്പിൽ നിന്ന് എങ്ങനെ ഒഴിഞ്ഞു മാറി?! അതേ സഹോദരങ്ങളെ നാം പലർക്കും പലതിനും ഒരത്ഭുതമാണ്. ആ രോഗത്തിന്, അപകടത്തിന്, ആക്രോശത്തിന്, ഒക്കെ ഒരു അത്ഭുതം! ഈ വിശ്വാസം കൊണ്ട് നമ്മുടെ ഹൃദയം നിറയട്ടെ. നമ്മെ നോക്കുന്നവർക്ക് നാം ഒരു അത്ഭുതമാണ് നാം അറിയുന്നില്ല എന്ന് മാത്രം. രക്ഷ നമ്മുടെ സ്വന്തമാണ്. ദൈവീക വാഗ്ദത്തങ്ങൾ നമ്മുടെ അവകാശമാണ്. വിശ്വാസം നമ്മുടെ സ്വത്താണ്. നാം എന്തുകൊണ്ടാണ് ഒരു അത്ഭുതമായിരിക്കുന്നത്? അപ്പോസ്തലനായ പൗലോസ് വിശദീകരണം നൽകുന്നു. എങ്കിലും ഈ അത്യന്ത ശക്തി നമ്മുടെ സ്വന്തം അല്ല. ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിൽ അത്രേ ഉള്ളത്. ഞങ്ങൾ സകല വിധത്തിലും കഷ്ടം അനുഭവിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുള്ളവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല. കാരണം യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടുന്നു. (2കൊരിന്ത്യർ 4:7-10)

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം തരുന്ന ദൈവത്തിനു സ്തോത്രം.




പ്രാർത്ഥന

ദൈവമേ ഇന്നയോളം എന്നെ ഒരത്ഭുതമാക്കി നിർത്തിയിരികയാൽ അങ്ങയെ സ്തുതിക്കുന്നു. തുടർന്നും നടത്തി പരിപാലിക്കേണമേ......ആമേൻ.

pastor shibu thomas
oklahoma

**Disclaimer**

The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

# ഹാർവെസ്റ്റ് ഇംഗ്ലീഷ് ടി വി ചാനൽ സംപ്രേക്ഷണം ആരംഭിച്ചു




ആത്മീയ ടെലിവിഷൻ ശൃംഖലയായ ഹാർവെസ്റ്റ് ടെലിവിഷൻ നെറ്റ് വർക്കിൽ നിന്ന് ഹാർവസ്റ്റ് ഇംഗ്ലീഷ് എന്ന പേരിൽ ഏപ്രിൽ 21 ന് 8 മണിക്ക് ടിവി ചാനൽ സംപ്രേക്ഷണം ആരംഭിച്ചു.പ്രമുഖ മിഷനറിയായ പാസ്റ്റർ എം പൗലോസ് ചാനലിന്റെ സമർപ്പണ പ്രാർത്ഥന നടത്തി. പൂർണ്ണമായും ഇംഗ്ലീഷ് ഭാഷയിൽ തന്നെ പ്രമുഖ പ്രഭാഷകരുടെ സന്ദേശങ്ങൾ, അഭിമുഖങ്ങൾ,അനുഭവ സാക്ഷ്യങ്ങൾ, ചർച്ചകൾ, സംഗീത ബാന്റുകളുടെ സംഗീതം,ഡോക്കുമെന്ററികൾ, ബോധവൽക്കരണങ്ങൾ,യാത്രാ വിവരണങ്ങൾ തുടങ്ങിയ അറിവും.ആത്മീയത നിറഞ്ഞതുമായ നിരവധി പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നതാണ്. കേരളത്തിൽ ഏഷ്യാനെറ്റ് കേബിൾ വിഷനിൽ നമ്പർ 663 ലും ബെംഗളൂരു,മുംബൈ,ഹൈദ്രബാദ്,ഡൽഹി എന്നിവിടങ്ങളിലെ മേജർ നെറ്റ്വർക്കുകളിലും, ഹാർവെസ്റ്റ് ഇംഗ്ലീഷ് ടിവി ലഭ്യമാകുമെന്ന് ഹാർവസ്റ്റ് ടിവി നെറ്റവർക്ക് സി ഇ ഒ അറിയിച്ചു.

# തിമോഥി ഇൻസ്റ്റിറ്റ്യൂട്ട് യൂത്ത് ക്യാമ്പ് മെയ് 18,19 ന്

യുവജനങ്ങൾക്കായി തിമോഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ വെണ്ണിക്കുളം ബഥനി അക്കാഡമിയിൽ യൂത്ത് ക്യാമ്പ് മെയ് 18,19 തിയതികളിൽ നടത്തപ്പെടുന്നു. ഐപിസി ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി.ജോൺ പ്രാർത്ഥിച്ച് ഉൽഘാടനം ചെയ്യും.

പാസ്റ്റർ ജയിംസ് ജോർജ്ജ്,പാസ്റ്റർ ജേക്കബ് മാത്യൂ, പാസ്റ്റർ മാത്യൂസ് ചാക്കോ,പാസ്റ്റർ സജികുമാർ കെ.പി. സിസ്റ്റർ ദീപാ നെബു, റെജി മൂലേടം, ജോ തോമസ്, സുനിൽ സക്കറിയ, രാജൻ ആഷേർ തുടങ്ങിയവർ ക്ലാസ്സ് നയിക്കും.റ്റി ഐ ട്യൂൺസ് ഗാന ശുശ്രൂഷ നയിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: 9633203593, 9656217909

# പോളണ്ടിൽ ഞായറാഴ്ച തൊഴിൽ രഹിത ദിനമാക്കി യ നിയമം പ്രാബല്യത്തിൽ




പോളണ്ടിൽ ഞായറാഴ്ച തൊഴിൽ രഹിതവും,വ്യാപാര രഹിതവുമാക്കികൊണ്ടുള്ള നിയമം മാർച്ച് 11ന് പ്രാബല്യത്തിൽ വന്നു. ഞായറാഴ്ചയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും കുടുംബങ്ങളുടെ ഒത്തുചേരലിനും ഈ നിയമം സഹായകമാകും. കമ്മ്യൂണിസ്റ്റ് ഭരണത്തിൽ ആയിരുന്ന ഇവിടെ ഞായറാഴ്ചയും പ്രവർത്തിദിവസമായിരുന്നു. എന്നാൽ കമ്മ്യൂണിസം തകരുകയും 1990 ൽ സ്വതന്ത്ര കച്ചവട നിയമങ്ങൾ നിലവിൽ വരികയും അതുവഴി വ്യാപാര രീതികൾ മെച്ചപ്പെടുത്തുന്നതിനും, രാജ്യത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഞായറാഴ്ച പ്രവർത്തിദിനമാക്കിയത്. മൂന്നു ഘട്ടങ്ങളായാണ് ഈ നിയമം നടപ്പിലാക്കുക.ഈ വർഷം മാസത്തിൽ രണ്ട് ഞായറാഴ്ചകളും,2019 ൽ മാസത്തിൽ 3 ഞായറാഴ്ചകളും,2020 ൽ എല്ലാ ഞായറാഴ്ചകളും തൊഴിൽ രഹിതമാക്കാനാണ് ഉദ്ദേശം.ഈ നിയമത്തെ രാജ്യത്തെ കത്തോലിക്ക-പ്രൊട്ടസ്റ്റന്റ് സമൂഹങ്ങൾ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.ഇത് ദൈവീക കൂട്ടായ്മയ്ക്കുള്ള ദൈവം തുറന്ന അവസരമായി വിശ്വാസികൾ കാണുന്നുവെന്നും,അങ്ങനെ ക്രിസ്തുവിൽ ന്നകലുന്ന യൂറോപ്യൻ രാഷ്ട്രങ്ങൾക്ക് മുന്നിൽ പോളണ്ട് ഒരു മാതൃകയാകുന്നു.യൂറോപ്യൻ യൂണിയനെ ക്രിസ്തുദർശനത്തിലേയ്ക്ക് മടക്കികൊണ്ടുവരികയാണ് തന്റെ സ്വപ്നമെന്ന് പോളണ്ടിന്റെ പ്രധാന മന്ത്രിയായ മാത്യൂസ് മൊറാവിക്കി നേരത്തെ വ്യക്തമാക്കിയിരുന്നു. ■




THE ENDTIME NEWS is pleased to announce the launch of our new website

## ബൈബിളിലെ സസ്യം



ഒരുവൻ ഒരു അശോകം നട്ടുപിടിപ്പിക്കയും മഴ അതിനെ വളർത്തുകയും ചെയ്യുന്നു.
യെശ 44:14

# അശോകം



പാസ്റ്റർ ജോയി ആൻഡ്രൂസ്
തിരുവനന്തപുരം.

വേദപുസ്തകത്തിൽ ഒരു മാത്രം ഉപയോഗിച്ചിരിക്കുന്ന ഈ വൃക്ഷത്തിന്റെ പേര് വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതാണ് ഏതായാലും നമുക്ക് പരിചിതമായ അശോകം എന്ന ചെടിയല്ല ഇവിടെ പരാമർശിക്കപ്പെടുന്നത് എന്ന് വ്യക്തമാണ്. വിവിധ ഇംഗ്ലീഷ് പരിഭാഷകളിൽ നോക്കിയാൽ ഇതിന് ലോറൽ, പൈൻ, ആഷ് എന്നീ പേരുകൾ കാണുന്നു.

ഇന്ന് പണ്ഡിതന്മാരുടെയും അഭിപ്രായം കണക്കിലെടുത്താൽ ഇത് ലോറൽ എന്ന വൃക്ഷമാകുവാനാണ് സാദ്ധ്യത. ലോറൽസ് നൊബിലിസ് എന്ന ശാസ്ത്രനാമവുമുള്ള ഈ വൃക്ഷം വിശുദ്ധനാട്ടിൽ ധാരാളം കാണുന്നതാണ്. നീളമുള്ള ഇലകളും മുന്തിരിയുടെ വലിപ്പമുള്ള ധാരാളം കായ്കളുമുണ്ട്. ഇലയ്ക്ക് സുഗന്ധവ്യഞ്ജനത്തിന്റെ വാസനയുള്ളതിനാൽ ഭക്ഷണം പാകം ചെയ്യുമ്പോൾ ഉപയോഗിക്കാറുണ്ട്. ഈ വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളും ഔഷധ ഗുണമുള്ളതാണ്.

ഇതിൻരെ തടി കൊത്തുപണികൾക്കും വിറകിനും ഉപയോഗിക്കുന്നു എന്ന് ഈ വേദഭാഗത്തിൽ തന്നെ പറഞ്ഞിരിക്കുന്നു അതിന്റെ ആ ഭാഗം കൊണ്ട് തീ കത്തിക്കുകയും ശേഷിക്കുന്ന ഭാഗം എടുത്ത് അതുകൊണ്ട് ആ ദേവന്റെ വിഗ്രഹം ഉണ്ടാക്കി അതിന്റെ മുൻപിൽ നമസ്ക്കരിക്കുകയും ചെയ്യുന്നു.

ഈ വൃക്ഷത്തിന് ഒരു പ്രത്യകത ഉള്ളത് ഒലിവിന്റെ ഇലപോലെ ഇതിന്റെ ഇലകൾ കൂട്ടിച്ചേർത്ത് ഉണ്ടാക്കിയ മാലകൾ ചാർത്തി മഹാന്മാരായ ആളുകളെ ആദരിക്കുന്ന പതിവ് ഗ്രീസ്സും റോമിലും ഉണ്ടായിരുന്നു. കവികൾ, പണ്ഡിതന്മാർ, സർവ്വതകലാശാലകളിൽ നിന്ന് ബിരുദം വാങ്ങുന്നവർ എന്നിവരും ഈ അശോകത്തിന്റെ ഇല അലങ്കാരമായി അണിയുമായിരുന്നു. അതുകൊണ്ടാണ് ഈ ചെടി നോബിൽ ലോറൽ എന്ന് പേരുണ്ടായത്. ഐശ്വര്യമുള്ള ആ വൃക്ഷം ഇലയിൽ ഇതിനെ വ്യക്തമാക്കുവാൻ മലയാളം പരിഭാഷയിൽ നമുക്ക് പരിചിതമായ അശോകം എന്ന പേര് കൊടുത്തുവെന്നെയുള്ളൂ.
ആധാരവാക്യം യെശയ്യാവ് 44:14




THE ENDTIME NEWS is pleased to announce the launch of our new website



# വായ്മൊഴി

1.ഒരു നേരം ഭക്ഷിക്കുന്നവൻ യോഗി
രണ്ടുനേരം ഭക്ഷിക്കുന്നവൻ ഭോഗി
മൂന്നുനേരം ഭക്ഷിക്കുന്നവൻ രോഗി
നാലുനേരം ഭക്ഷിക്കുന്നവൻ ദ്രോഹി
2.നിന്റെ അപ്പത്തോടുള്ള സ്നേഹം കൊണ്ടാണ്
നിന്നോടുള്ള സ്നേഹം കൊണ്ടല്ല പട്ടി വാലാട്ടുന്നത്.

3.എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ കരം ദർശിപ്പാൻ കഴിയുന്നവർക്ക്, എല്ലാ കാര്യങ്ങളും സന്തോഷത്തോടെ ദൈവകരങ്ങളിൽ അർപ്പിക്കുവാനും കഴിയും.

4.കഴിയുന്നതെല്ലാം ചെയ്യാതിരിക്കുക
ഉള്ളതെല്ലാം ചെലവഴിക്കാതിരിക്കുക
കേൾക്കുന്നതെല്ലാം വിശ്വസിക്കാതിരിക്കുക
അറിയുന്നതെല്ലാം പറയാതിരിക്കുക....എന്നാൽ
നീ കൂടുതൽ കാലം ജീവിച്ചിരിക്കും.
5.എല്ലാവർക്കും നിങ്ങൾ ചെവി കൊടുക്കുക
ഏറ്റവും ചുരുക്കം പേർക്ക് ശബ്ദം കൊടുക്കുക.
6.ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന കുടുംബം
എവിടെയും ഒരുമിച്ച് തന്നെ നിൽക്കുന്നു.

7.പരാജയപ്പെടുമെന്ന് നമുക്ക് തോന്നുമ്പോൾ മിക്കപ്പോഴും നാം വിജയത്തിനടുത്തായിരിക്കും.
8.ദേഷ്യത്തിലിരിക്കുമ്പോൾ ഒരിക്കലും മറുപടി പറയരുത്.

9.സംതൃപ്തമായ ദാമ്പത്യം ഉറപ്പാക്കാൻ ഏറ്റവും നല്ല മാർഗ്ഗം സംതൃപ്തമായ മാതാപിതാക്കളുടെ മക്കളെ വിവാഹം കഴിക്ക.

10.സമ്പാദിക്കുന്നതിനെക്കാൾ കൂടുതൽ നീ ചെലവാക്കുന്നുവെങ്കിൽ നിനക്ക് ദുരന്തത്തിൽ നിന്ന് രക്ഷപ്പെടാനാവില്ല.

**Pr.P.V.D. CBD**



ആത്മീയ ശകലങ്ങൾ
ശാരീരിക ജനനത്താൽ ഞാൻ - സീറോ
ആത്മാവിലുള്ള ജനനത്താൽ ഞാൻ - ഹീറോ
ആത്മാവിലുള്ള നടത്തിപ്പിനാൽ ഞാൻ - ഭാഗ്യവാൻ
ക്രിസ്തുവിലുള്ള ജീവിതത്താൽ ഞാൻ - ധന്യൻ
ക്രിസ്തുവേശുവിലുള്ള മരണമെനിക്ക് - ലാഭം.

പാസ്റ്റർ ജിജി ജോൺ കുമളി.





THE ENDTIME NEWS is pleased to announce the launch of our new website




# ക്യൂബയിൽ വീണ്ടും എൻഐവി ബൈബിളിനു അനുമതി

2015 ൽ ന്യൂ ഇന്റർനാഷണൽ വേർഷൻ(എൻഐവി) ബൈബിളുകൾക്ക് ക്യൂബയിൽ നിരോധനം ഏർപ്പെടുത്തിയിരുന്നു.സ്പാനിഷിലും,ഇംഗ്ലീഷിലുമുള്ള ലളിതാഭാഷാ പ്രയോഗമുള്ള ഈ ബൈബിൾ കൂടുതൽ ജനങ്ങൾ ദൈവവചനം ഹൃദ്യതയോടെ ഉപയഗിച്ചതിനാലാവണം വിലക്ക് ഏർപ്പെടുത്തിയതിന് കാരണമായി കാണുന്നത്. എന്നാൽ അനേക ദൈവമക്കളുടെയും,മിഷനറിമാരുടെയും പ്രാർത്ഥനയുടെ ഫലമായി പതിനേഴായിരം ബൈബിൾ ക്യൂബയിൽ എത്തിക്കാൻ ക്യൂബൻ റിലീജിയസ് അഫേഴ്സ് ഡിപ്പാർട്ട്മെന്റ് വീണ്ടും അനുവാദം നല്കിയിരിക്കുന്നു.ഇപ്പോൾ ആറു പേർക്ക് ഒരു ബൈബിൾ എന്ന കണക്കിലാണ് വിതരണം നടക്കുന്നത്. ജനഹൃദയങ്ങളിൽ ദൈവവചനം ശക്തമായി സ്വാധീനം ചെലുത്താനുള്ള അവസരം വീണ്ടും തിരിച്ചു വന്നിരിക്കുന്നുവെന്ന് പ്രസാധകരായ ബിബ്ലിക്കയുടെ ലാറ്റിനമേരിക്കൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

# ജാർഖണ്ഡിൽ പാസ്റ്റർ കൊല്ലപ്പെട്ട നിലയിൽ




ജാർഖണ്ഡിൽ ഫെലോഷിപ്പ് ചർച്ചിലെ അംഗമായ പാസ്റ്റർ അബ്രഹാം ടോപ്നോയാണ് കൊല്ലപ്പെട്ടത്. മാവോയിസ്റ്റ്കളാണ് കൊലപാതകത്തിന് പിന്നിലെന്ന് കുടുംബാംഗങ്ങൾ സംശയിക്കുന്നു.

## ബൈബിൾ ക്ലാസ്സ്

മുട്ടുമൺ ശാരോൺ സഭയിൽ ഏപ്രിൽ 22-24 വരെ ബൈബിൾക്ലാസ്സ് നടക്കും. പാസ്റ്റർ അനീഷ് കാവാലം,മേഴ്സി തോമസ് എന്നിവർ ക്ലാസ്സെടുക്കും. ക്രിസ്തീയ കുടുംബജീവിതം എന്നതാണ് ചിന്താവിഷയം.

# ഓർത്തഡോക്സ് സഭയിൽ വിവാഹ ദിവസം വധുവിന് സാരി നിർബന്ധം.



പാശ്ചാത്യ രീതിയിൽ ഉള്ള വസ്ത്രധാരണങ്ങൾ വിവാഹ സമയത്ത് പാടില്ലെന്നും വധു സാരിയും ബ്ലൗസ്സും തന്നെ ധരിക്കണമെന്നും പരുമല സെമിനാരി മാനേജർ പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു. അർദ്ധനഗ്നത വെളിപ്പെടുത്തുന്ന രീതിയിലുള്ള പാശ്ചാത്യ രീതിയിലെ ഗൗൺ മറ്റും വ്യാപകമായതുകൊണ്ടാണ് ഈ നിർദ്ദേശം. വധുവിനു മാത്രമല്ല കൂടെ വരുന്ന തോഴിക്കും ഈ നിബന്ധന ബാധകമാണ്. ഈവന്റ് മാനേജ്മെന്റ് നിർദ്ദേശിക്കുന്ന ആളുകളാണ് തോഴികളായി എത്തുന്നതെന്ന ആക്ഷേപവും ഉണ്ട്. പളിളിക്കുള്ളിലെ ചടങ്ങുകൾക്ക് ഓടി നടന്നുള്ള ചിത്രീകരണം പാടില്ല. 2 വീഡിയോയും, 2 ഫോട്ടോഗ്രാഫർമാർ എന്നിവരിൽ കൂടുതൽ പാടില്ല. ചടങ്ങ് ചിത്രീകരിക്കാൻ ക്രയിൻ പോലെയുള്ള സാധനങ്ങൾ പള്ളിക്കുള്ളിൽ പാടില്ല. മൊബൈൽ ഫോണിലും ചടങ്ങുകൾ പകർത്താൻ പാടില്ല. തലയിൽ നെറ്റ്, ക്രൗൺ,കുരിശുമാലയിൽ തൂങ്ങപ്പെട്ട രൂപം എന്നിവ പാടില്ല. വധുവും,വരനും ചെരുപ്പ് ധരിക്കാൻ പാടില്ല. ശിരോവസ്ത്രം എല്ലാ സ്ത്രീകൾക്കും നിർബന്ധം. സ്ത്രീകളും പുരുഷൻമാരും അവരവർക്ക് നിഷ്ക്കർഷിച്ചിട്ടുള്ള സ്ഥലത്ത് നിൽക്കണം തുടങ്ങിയവയാണ് മറ്റു നിബന്ധനകൾ.




THE ENDTIME NEWS is pleased to announce the launch of our new website

## സാം കൊണ്ടാഴി വിക്ലിഫ് ഇന്ത്യയുടെ പുതിയ സി ഇ ഒ ആയി ചുമതലയേറ്റു



യുവജന പ്രവർത്തകനും, ഗുഡ്സീഡ് മാസികയുടെ ചീഫ് എഡിറ്ററും,ഓൺലൈൻ ഗുഡ്ന്യൂസിന്റെ ഐടി ചീഫ് കൺസൾട്ടന്റുമായ സാം കൊണ്ടാഴി വിക്ലിഫ് ഇന്ത്യയുടെ പുതിയ സി ഇ ഒ ആയി ചുമതലയേറ്റു. ഭാര്യ: ബെൻസി, മക്കൾ: ജോവന്ന, ജാനീസ്,ഡേവി ജോൺ കാതേട്ട്.

## ഏകദിന പ്രാർത്ഥനാ സംഗമം ജൂൺ 2ന് കോട്ടയത്ത്

മിസ്പാ ഫുൾ ഗോസ്പൽ സഭയും ഐസിസി നൈജീരിയയും ചേർന്നൊരുക്കുന്ന ഏകദിന പ്രാർത്ഥനാ സംഗമം ജൂൺ 2ന് ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ വെച്ച് നടത്തപ്പെടുന്നു. ഡോ. വി.ജെ.മാത്യൂ, സന്തോഷ് എബ്രഹാം (നൈജീരിയ) പാസ്റ്റർ ജെറിൽ ചെറിയാൻ (ദോഹ) എന്നിവർ ദൈവവചന ശുശ്രൂഷ നടത്തും.കെ. പി.രാജൻ സംഗീതശുശ്രൂഷയിക്ക് നേതൃത്വം നൽകും.ഗായകൻ ഇമ്മാനുവേൽ ഹെൻട്രിയും ഗാനങ്ങൾ ആലപിക്കും.പ്രവേശനം സൗജന്യമാണ്. അനുഗ്രഹീതമായ ആത്മീയ ശുശ്രൂഷയിലും സംഗീത വിരുന്നിലും പങ്കെടുക്കുവാൻ ഏവരേയും സ്വാഗതം ചെയ്യുന്നു. വിശദ വിവരങ്ങൾക്ക് വിളിക്കുക :+919142300299.

## ചൈനയിലെ ഓൺലൈൻ വിൽപനയിലെ നിരോധിത പട്ടികയിൽ ബൈബിളും.



ചൈനയിൽ ബൈബിൾ ഓൺലൈനിൽ വിൽക്കുന്നതും,വാങ്ങുന്നതും നിരോധിച്ചു.പുസ്തകമെന്ന നിലയിൽ ബൈബിൾ വിൽക്കുന്നത് മുൻപേ വിലക്കുണ്ടായിരുന്നു.അതുകൊണ്ടാണ് ഓൺലൈൻ വ്യാപാരം വർദ്ധിച്ചത്. ഇപ്പോൾ ചൈനയിലെ വെബ്സൈറ്റുകളിൽ നിന്നും ബൈബിൾ അപ്രത്യക്ഷമായിക്കഴിഞ്ഞു.ക്രിസ്ത്യാനിയുടെ വളർച്ചയ്ക്ക് തടയിടുകയാണ് അവരുടെ ലക്ഷ്യം.കഴിഞ്ഞ വർഷങ്ങളിൽ ക്രിസ്ത്യാനികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ഭരണാധികാരികളെ പരിഭ്രാന്തിയിലാക്കിയതാവാം ഈ നിരോധനത്തിന് പിന്നിലെന്ന് കരുതുന്നു.

## ഫസ്റ്റ് അസംബ്ലി ഓഫ് ഗോഡ് ചർച്ച് കുവൈറ്റ് ഒരുക്കുന്ന ബൈബിൾ ക്ലാസ്സ് മെയ് 26-31 വരെ

അബ്ബാസിയയിലെ മലങ്കര ക്രിസ്ത്യൻ ചർച്ച് ഹാളിൽ വെച്ച് മെയ് 26 മുതൽ 31 വരെ ഫസ്റ്റ് അസംബ്ലി ഓഫ് ഗോഡ് ചർച്ച് കുവൈറ്റിന്റെ നേതൃത്വത്തിൽ വൈകിട്ട് 7.15 മുതൽ 9 മണി വരെ ഒരു ആഴ്ച്ചത്തെ ബൈബിൾ ക്ലാസ്സ് നടത്തുന്നു. യേശു ക്രിസ്തുവിന്റെ മടങ്ങിവരവും അനന്തര സംഭവങ്ങളും ഈ വിഷയത്തെ ആസ്പദമാക്കി പ്രശസ്ത കൺവൻഷൻ പ്രാസംഗീകനായ പാസ്റ്റർ ബാബു ജോർജ്ജ് പത്തനാപുരം 31 ന് വ്യാഴാഴ്ച വൈകിട്ട് ക്ലാസ്സ് എടുക്കുന്നതാണ്. ശുശ്രുഷകൾക്ക് ഫസ്റ്റ് അസംബ്ലി ഓഫ് ഗോഡ് ചർച്ച് കുവൈറ്റ് സഭാ ശുശ്രൂഷകൻ പാസ്റ്റർ പ്രഭാ റ്റി തങ്കച്ചൻ നേതൃത്വം നൽകും.

വിശദ വിവരങ്ങൾക്ക് വിളിക്കുക: പാസ്റ്റർ പ്രഭാ റ്റി തങ്കച്ചൻ -97251639 / 24312630, ബ്രദർ ചാൾസ് മാത്യൂ-66024593.

## അപ്കോൺ ഭാരവാഹികൾ

അബുദാബിയിലെ പെന്തക്കോസ്തു സഭകളുടെ ഐക്യവേദിയായ അബുദാബി പെന്തകോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന് (അപ്കോൺ) സാരഥികളായി പാസ്റ്റർ ബെന്നി പി ജോൺ(പ്രസിഡന്റ്) പാസ്റ്റർ ജേക്കബ് സാമുവൽ(വൈസ് പ്രസിഡന്റ്) സാം സക്കറിയ ഈപ്പൻ(സെക്രട്ടറി) ജോൺസി കടമ്മനിട്ട(ജോ. സെക്രട്ടറി) റെനു അലക്സ്(ട്രഷറർ) രഞ്ചു മോസസ്(ജോ. ട്രഷറാർ) റബിൻ ലാലച്ചൻ(ക്വയർ ലീഡർ) കെ പി പ്രസാദ്(അസിസ്റ്റന്റ് ക്വയർ ലീഡർ) സാബു മാത്യൂ(ഓഡിറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.




THE ENDTIME NEWS is pleased to announce the launch of our new website





പി.ഒ.തങ്കച്ചൻ

# പ്രകൃതിയും ശാസ്ത്രലോകവും നമ്മെ ഓർമ്മിപ്പിക്കുന്നത് എന്ത്?

സമകാല സംഭവങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തകയും ചെയ്യുന്ന ശാസ്ത്രലോകവും ദൈനംദിന സംഭവങ്ങൾ കണ്ടുംകേട്ടും മനസ്സു തകരുന്ന മനുഷ്യരും ഒരുപോലെ പറയുന്നു ഇതു അന്ത്യകാല ലക്ഷണങ്ങളാണ് ഈ ലോകം അവസാനിക്കാറായി.

സൂര്യനിലും ചന്ദ്രനിലും നക്ഷത്രഗോളങ്ങളിലും മാറ്റങ്ങൾ കാണുന്നു, കാലഗതികൾ തകിടംമറിയുന്നു, കടൽ ഇളകുന്നു, അപ്രതീക്ഷിതമായ കാറ്റും കോളും നാശം വിതക്കുന്നു. റ്റൊർനാഡോ എന്നും സുനാമിയെന്നും കരികെയിൻ എന്നും കത്രീന എന്നും ഓമനപേരിട്ട ശാസ്ത്രലോകം അതിനെ സ്വാഗതം ചെയ്യുന്നു. മനുഷ്യർ സ്വസ്നേഹികളും വമ്പുപറയുന്നവരും ദ്രവ്യഗ്രഹികളും മൃഗീയന്മാരുമായി വഷളത്വം പ്രവർത്തിക്കുന്നു. നിയമങ്ങൾക്കോ നീതിപാലകർക്കോ കീഴടങ്ങാത്ത തലമുറ. മാതാപിതാക്കൾ മക്കളെ മൃഗീയമായി കൊല്ലുന്നു, മക്കൾ മാതാപിതാക്കളെ കൊല്ലുന്നു. മനുഷ്യർ മനുഷ്യരെ കൊല്ലുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം വർദ്ധിക്കുന്നു. വിഘടന പ്രസ്ഥാനങ്ങൾ പെരുകുന്നു, കളവ് പെരുകുന്നു, കുറ്റകൃത്യങ്ങൾ പെരുകുന്നു, ലോകമെമ്പാടുമുള്ള ഭരണനേതാക്കന്മാർ ഒത്തൊരുമിച്ചു പരിശ്രമിച്ചിട്ടും ഇതിനെ അമർച്ച ചെയ്യുവാൻ സാധിക്കുന്നില്ല. സാധിക്കുകയും ഇല്ല.

കാരണം ഇത് യേശു കർത്താവ് പറഞ്ഞതാണ് തിരുവചന നിവർത്തിയാണ്. യേശു കർത്താവിന്റെ ജനനത്തിന് 700 വർഷങ്ങൾക്ക് മുമ്പ് യെശയ്യാപ്രവാചകൻ പ്രവചനാത്മാവിൽ യെശ:13:9-11 ൽ ഇപ്രകാരം പറയുന്നു. യഹോവയുടെ ന്യായവിധി ദിവസം ക്രൂരമായിട്ടും, ക്രോധത്തോടെയും, അതികോപത്തോടും കൂടെ വരും. ആകാശത്തിലെ നക്ഷത്രരാശികൾ പ്രകാസം തരികയില്ല, സൂര്യൻ ഉദയത്തിൽ തന്നെ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാസം തരികയില്ല. ദൈവം ഭൂതലത്തെ ജനത്തിന്റെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും അഹങ്കാരികളുടെ ഗർവ്വത്തെ ഇല്ലാതാക്കും ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും.

ലൂക്കോസ് 21:25,26 ൽ യേശു കർത്താവ് ഇപ്രകാരം പറഞ്ഞു. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും. കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോട് കൂടിയ പരിഭ്രമം ഉണ്ടാകും ആകാലത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന് എന്തുഭവിപ്പാൻ എന്നും പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും അപ്പോൾ യേശുകർത്താവ് ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വെളിപ്പെടും.

അപ്പോസ്തലനായ പൊലോസ് യേശുകർത്താവ് സുവിശേഷങ്ങളിൽ പറഞ്ഞ അന്ത്യകാല സംഭവങ്ങൾ ചുരുക്കത്തിൽ 2തിമോ 3:1 -5 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും മനുഷ്യർ സ്വസ്നേഹികളും വമ്പുപറയുന്നവരും ദ്രവ്യാഗ്രഹികളും അഹങ്കാരികളും ദുഷ്ടന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അസുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏ, ണിക്കാരും അജിതേന്ദ്രരും ഉഗ്രന്മാരും സൽഗുണദോഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെതൃജിക്കുന്നവരുമായി ത്തീരും.

ശാസ്ത്രലോകത്തിനും മതങ്ങൾക്കും ഒന്നിനെക്കുറിച്ചും വ്യക്തമായ വെളിപ്പാടില്ലാതെ ഊഹാപോഹങ്ങളിലും കെട്ടുകഥകളിലും സങ്കല്പങ്ങളിലും ആശ്രയിക്കുമ്പോൾ വിശുദ്ധബൈബിൾ വ്യക്തമായ വെളിപ്പാടുകൾ നമുക്കുതരുന്നു. ഭൂമിയുടെ ഉല്പത്തിയെക്കുറിച്ച് ശാസ്ത്രത്തിനോ, മതങ്ങൾക്കോ വ്യക്തമായ വെളിപ്പാട് ഇല്ലാതിരിക്കുമ്പോൾ വിശുദ്ധബൈബിൾ ആരംഭിക്കുന്നതു തന്നെ ഭൂമിയുടെ ഉല്പത്തിയെ വെളിപ്പെടുത്തികൊണ്ടാണ്. ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിച്ചുവരുത്തുവാൻ കഴിവുള്ള ദൈവം തന്റെ മഹാശക്തിയിൽ ഭൂമിയേയും സമുദ്രത്തെയും അതിലുള്ള സസ്യത്തെയും സൂര്യനെയും ചന്ദ്രനെയും സകല നക്ഷത്രഗോളങ്ങളെയും തന്റെ വായിലെ വാക്കുകൾ കൊണ്ട് വിളിച്ചു വരുത്തി. അവയുടെ സൈന്യത്തെ സംഖ്യ

**8 -ാം താളിന്റെ തുടർച്ച**

ക്രമത്തിൽ പുറപ്പെടുവിക്കുകയും അവയെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്നു. എന്ന് ഉല്പത്തി 1;1 -25 യെശയ്യാവ് 40;26 ൽ വെളിപ്പെടുത്തിയിരിക്കുന്നു.

മനുഷ്യന്റെ ഉത്ഭവത്തെ ക്കുറിച്ച് ശാസ്ത്രവും മതങ്ങളും വ്യക്തമായ ദർശനം ഇല്ലാതിരിക്കുമ്പോൾ ഉല്പത്തി 1; 26,27 ൽ തിരുവചനം പറയുന്നു ഭൂമിയെയും ഭൂമണ്ഡലത്തെയും അവയിലുള്ള സകലത്തെയും തന്റെ വാക്കുകൾ കൊണ്ട് സൃഷ്ടിച്ച ദൈവം മനുഷ്യനെ മാത്രം ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഭൂമിയിലെ മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കി. മൂക്കിൽ തന്റെ ജീവശ്വാസം ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. തേജസ്സും ബഹുമാനവും വ്യക്തിത്വവും വിവേകബുദ്ധിയും ധാർമ്മിക ബോധവും ദൈവം മനുഷ്യനു നൽകി. മണ്ണുകൊണ്ടാ ദൈവം മനുഷ്യനെ സൃഷ്ടിച്ചതെങ്കിലും അവനിൽ കുടികൊള്ളുന്ന ആത്മാവിന്റെ മൂല്യം. അവനെ മനുഷ്യർക്കാർക്കും വിലനിശ്ചയിക്കുവാൻ കഴിയാത്ത നിലയിൽ ഈ ലോകത്തെക്കാൾ വിലയുള്ളവനാക്കിത്തീർത്തു. ഈ ലോകത്തെക്കാൾ വിലയുള്ള മനുഷ്യൻ ഈ ലോകത്തിലെ അല്പ കാര്യങ്ങൾക്കായി ജീവൻ നഷ്ടപ്പെടുത്തുകയാ.

ദൈവസാദൃശ്യവും സ്വരൂപവും ദൈവതേജസ്സും ബഹുമാനവും ഈ ലോകത്തെക്കാൾ വിലയുള്ള മനുഷ്യർ ഒന്നും പ്രശംസിപ്പാനോ പുകഴുവാനോ ഇല്ലെന്നും നിസ്സാരനാണെന്നും തിരിച്ചറിയുവാൻ തുറന്നമൂക്കിലാണ് ദൈവം തന്റെ ശ്വാസം ഊതിയത്. അതു വന്നും പോയും നില്ക്കുകയാ. പുറത്തേയ്ക്കു വിട്ട വായു ദൈവം തിരികെ തരുന്നില്ലെങ്കിൽ എത്ര ശക്തനും ബലവാനും പ്രതാപമായിരുന്നാലും തീർന്നു മണ്ണിനിരെയായി തീരും ആ സത്യം നാം മറന്നുപോകരുത്. ആകയാൽ ഈ ഭൂമിയിൽ ആയിരിക്കുന്ന അല്പ കാലം ദൈവഭയത്തിലും ഭക്തിയിലും പരസ്പരം സ്നേഹത്തിലും വിശ്വസ്തതയിലും ആയിരിപ്പാൻ ദൈവം കൃപ നൽകുമാറാകട്ടെ.

# ഐ. പി. സി മിഡ്വെസ്റ്റ് റീജിയൺ ഭാരവാഹികൾ



**ഡാളസ്:** ഐ. പി. സി ഹെബ്രോൻ ഡാളസിൽ മാർച്ച് 3ന് കൂടിയ ഐ. പി. സി മിഡ്വെസ്റ്റ് റീജിയൺ ജനറൽ ബോഡി പ്രസിഡന്റ് പാസ്റ്റർ ഷാജി ദാനിയേലിന്റെ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത മൂന്ന് വർഷത്തേയ്ക്കുള്ള ഭാരവാഹികളായി പാസ്റ്റർ കെ.സി ചാക്കോ ഹൂസ്റ്റൺ(പ്രസിഡന്റ്), പാസ്റ്റർ കെ.വി.തോമസ് ഡാളസ്(വൈസ് പ്രസിഡന്റ്), പാസ്റ്റർ മാത്തുകുട്ടി സാമുവേൽ ഒക്കലഹോമ(സെക്രട്ടറി), സാം വർഗ്ഗീസ്(ജോയിന്റ് സെക്രട്ടറി), ജോസഫ് കുര്യൻ(ട്രഷറാർ) എന്നിവരെ തിരഞ്ഞെടുത്തു. കൂടാതെ ജോസ് സാമുവേൽ, കെ.സി.ജേക്കബ് എന്നിവരെ ജനറൽ കൗൺസിൽ അംഗങ്ങളായും തിരഞ്ഞെടുത്തു. ഐ.പി.സി മിഡ്വെസ്റ്റ് റീജിയൺ അമേരിക്കയിലെ വലിയ റീജനുകളിൽ ഒന്നാണ്.



## പ്രവാസികളുടെ പണത്തിന് നികുതി ചുമത്തണമെന്ന നിർദ്ദേശത്തിൽ കുവൈറ്റിന് വിയോജിപ്പ്

പ്രവാസികളുടെ പണത്തിന് നികുതി ചുമത്തണമെന്ന നിർദ്ദേശം കുവൈറ്റ് തള്ളിയേക്കും.എന്ന വാർത്ത പുറത്തു വന്നു. ഈ വിയമം നടപ്പാക്കുന്നത് ഭരണഘടനാ ലംഘനമാണെന്നാണ് പാർലമെന്റ് നിയമകാര്യ സമിതിയുടെ നിലപാട്.എന്നാൽ കരട് ബല്ലിന് അനുമതി നൽകിയ ധനകാര്യ സമിതി ഭരണഘടനാപരമായി തടസ്സമില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്ക.യാണ്. പുതിയ നിയമം നടപ്പിലാക്കിയാൽ കള്ളപ്പണം, വെളുപ്പിക്കൽ,തീവ്രവാദികൾക്ക് സാമ്പത്തിക സഹായം എത്തിക്കൽ തുടങ്ങിയ വിപരീത പ്രവർത്തികൾക്ക് സാഹചര്യം സൃഷ്ടിക്കുമെന്നാണ് നിയമകാര്യ സമിതിയുടെ നിലപാട്. ഇത്തരം കാര്യങ്ങൾ ജനങ്ങളെ രണ്ടു തട്ടിലാക്കുമെന്ന് സമിതി ചെയർമാൻ ഹുമൈദി അൽ സുബായി പറഞ്ഞു. രാജ്യത്തെ വിവിധ ധന ഇടപാട് സ്ഥാപനങ്ങളും മണി എക്സ്ചെയ്ഞ്ച് യൂണിയനുകളും പുതിയ നിയമത്തോട് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

## ഇരിട്ടിയിൽ ഫാമിലി സെമിനാർ മെയ് 24 ന്

ബെദേസ്താ മിനിസ്ട്രിയുടേയും,ക്രൈസ്തവ ചിന്തയുടേയും, പാസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെയും നേതൃത്വത്തിൽ മെയ് 24ന് ഫാമിലി സെമിനാർ നടത്തുന്നു.രാവിലെ 10-11.30 വരെയും, 11.45- 1 മണിവരെയും രണ്ടു സെക്ഷനായിട്ടാണ് സെമിനാർ നടത്തുന്നത്. റവ.സണ്ണി താഴാംപള്ളം, ഡോ.ജോളി ജോസഫ് എന്നിവരാണ് മുഖ്യ പ്രഭാഷകർ. മലബാറിൽ ഉള്ളവരെ ഉദ്ദേശിച്ചാണ് ഇത് സംഘടിപ്പിച്ചിരിക്കുന്നത്.അനുഭവ സാക്ഷ്യങ്ങൾ,ചർച്ച,പ്രഭാഷണം എന്നിവ ഉണ്ടായിരിക്കും.പാസ്റ്റർമാർഡക്കും,വിശ്വാസികൾക്കും ഭാര്യമാരോടൊപ്പം പങ്കെടുക്കാവുന്നതാണ്.

കലുഷിതമായ കുടുംബാന്തരീക്ഷത്തെ എങ്ങനെ സമാധാന പൂർണ്ണവും ദൈവോന്മുഖവുമാക്കി മാറ്റാം എന്നതാണ് ചർച്ചാ വിഷയം. ഏപ്രിൽ 19-22 വരെ കോഴിക്കോട് കടപ്പുറത്തു നടക്കുന്ന ഏ ജി മലബാർ ജില്ലാ കൺവൻഷനിൽ പ്രവർത്തിക്കുന്ന ക്രൈസ്തവ ചിന്താസ്റ്റാളിലും അപേക്ഷാ ഫോറം ലഭിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ അനീഷ് ഐപ്പ് :9446838496.

## ഈജിപ്തിൽ തുടർച്ചയായി ആരാധന നടത്തുന്ന ആരാധനാലയങ്ങൾക്ക് അംഗീകാരം നൽകുന്നു.

ക്രിസ്തീയ ആരാധനയ്ക്കും,ആരാധനാലയങ്ങൾക്കും കടുത്ത മതവിവേചനം നേർടുന്ന ഈജിപ്തിൽ ആരാധനാലയങ്ങൾക്ക് സർക്കാർ അംഗീകാരം നൽകുന്നു.ഇനി സർക്കാറിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ആരാധന നടത്താവുന്നതാണ്. ഫെബ്രുവരിയിലാണ് പുതിയ ഉത്തരവ് പുറത്തിറക്കിയത്. നിലവിൽ 53 ആരാധനാലയങ്ങൾക്കാണ് അനുമതി നൽകിയത്. ഇനിയും ആയിരക്കണക്കിന് ആരാധനാലയങ്ങൾ അംഗീകാരത്തിനായി അപേക്ഷ നൽകി കാത്തിരിക്കയാണ്. രാജ്യത്തെ മതമൗലീക വാദികളുടെ സമ്മർദ്ദത്തിന് വഴങ്ങി ക്രൈസ്തവർക്കു നേരെ കടുത്ത നിയന്ത്രണങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്.

## ഐപിസി ഹ്യൂസ്റ്റൺ ഫെലോഷിപ്പ് ഭാരവാഹികൾ

ഹ്യൂസ്റ്റൺ പ്രാന്തപ്രദേശങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യവേദിയായ ഹ്യൂസ്റ്റൺ ഫെലോഷിപ്പ് സാരഥികളായി പാസ്റ്റർമാരായ ഷാജി ഡാനിയേൽ(പ്രസിഡന്റ്) റോയിമാൻ കോശി(വൈസ് പ്രസ്ഡന്റ്) ബ്രദർ ജോസഫ് കുര്യൻ(സെക്രട്ടറി) ജയ്സൺ ജോസഫ്(ട്രഷറർ) ജോയ് തുമ്പമൺ(മീഡിയ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു. പ്രാർത്ഥന, സെമിനാർ, ഐക്യരാധന,ശിൽപശാല,ഏകദിന സമ്മേളനങ്ങൾ,ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയാണ് ഫെലോഷിപ്പ് പരിപാടികൾ.

## ലഘുലേഖകൾ വിതരണം ചെയ്ത 4 സുവിശേഷകരെ പോലീസ് അറസ്റ്റ് ചെയ്തു

ഹൈദരാബാദിലെ ദയാരുഗുഡയിലെ ന്യൂ ബ്ലസ്സിങ്ങ് ചർച്ചിലെ അംഗങ്ങളെയാണ് ലഘുലേഖകൾ വിതരണം ചെയ്തുവെന്ന കുറ്റം ആരോപിച്ച് റിമാൻഡു ചെയ്തത്. ആർഎസ്സ്എസ്സ് പ്രാദേശിക നേതാവാണ് പരാതി നൽകിയത്. എന്നാൽ ലഘുലേഖകൾ വിതരണം ചെയ്യുവാൻ ഇവർക്ക് അനുമതി നൽകിയിരുന്നതായി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സ്ഥിരീകരിച്ചതിനെ തുടർന്ന് സുവിശേഷകരെ പിറ്റേദിവസം ജാമ്യത്തിൽ വിട്ടു.ഇവിടെ സുവിശേഷപ്രവർത്തനത്തിനും,ആരാധന നടത്തുന്നതിനും എതിരായി ഹിന്ദു മതമൗലീകവാദികൾ ഭീഷണി ഉയർത്തുന്നതായി ക്രൈസ്തവർ ആരോപിച്ചു.

## ജയ്സൺ സ്കൂൾ ഓഫ് തിയോളജി വാർഷിക കൺവൻഷൻ 2018

ജയ്സൺ സ്കൂൾ ഓഫ് തിയോളജിയുടെ ആഭിമുഖ്യത്തിൽ വാർഷിക കൺവൻഷൻ ജൂലൈ മാസം 20,21 തിയതികളിൽ നടത്തപ്പെടുന്നു. സ്ഥലം ചർച്ച് ഓഫ് ഗോഡ് ശബത് കീപ്പിങ്ങ്, 312 റെക്സ് ഡെയ്ൽ ബിൽഡിംഗ്. പാസ്റ്റർ വി ജെ സാംകുട്ടി മുഖ്യ പ്രഭാഷകൻ ആയിരിക്കും. ആത്മീയ മുന്നോരുക്കത്തിന് സജ്ജമാക്കുക ഇതാണ് തീം. ഗാനശുശ്രൂഷ നയിക്കുന്നത് ടൊറൊന്റൊ സ്റ്റ യുണൈറ്റെഡ് ക്വയർ ആയിരിക്കും.

***കൂടുതൽ വിവരങ്ങൾക്ക്*** - പാസ്റ്റർ ജിജി ചാക്കോ: 4167166480, സാം തോമസ്- 6478821397

## ഐപിസി ഹ്യൂസ്റ്റൺ ഫെലോഷിപ്പ് ഭാരവാഹികൾ

ഹ്യൂസ്റ്റൺ പ്രാന്തപ്രദേശങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യവേദിയായ ഹ്യൂസ്റ്റൺ ഫെലോഷിപ്പ് സാരഥികളായി പാസ്റ്റർമാരായ ഷാജി ഡാനിയേൽ(പ്രസിഡന്റ്) റോയിമാൻ കോശി(വൈസ് പ്രസ്ഡന്റ്) ബ്രദർ ജോസഫ് കുര്യൻ(സെക്രട്ടറി) ജയ്സൺ ജോസഫ്(ട്രഷറർ) ജോയ് തുമ്പമൺ(മീഡിയ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു. പ്രാർത്ഥന, സെമിനാർ, ഐക്യരാധന,ശിൽപശാല, ഏകദിന സമ്മേളനങ്ങൾ,ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയാണ് ഫെലോഷിപ്പ് പരിപാടികൾ.




THE ENDTIME NEWS is pleased to announce the launch of our new website




**10-ാം തുടർച്ച**

പ്പെടിന്നത്. ആത്മീക ലോകത്തിൽ ഇന്നത്തെ സ്ഥിതിവിശേഷം രാഷ്ട്രീയ കക്ഷികളെക്കാളും ശോചനീയമായ അവസ്ഥയാണ്. കസേരയ്ക്കു വേണ്ടി ആത്മീക നേതാക്കൾ അനുയായികളെ കൂട്ടി ആരെയും മോശമായി ചിത്രീകരിക്കുവാൻ തയ്യാറാകുന്നു. ഇന്ന് പല ദൈവസഭകളിലും കസേരയ്ക്കായി കയ്യാങ്കളിവരെ നടക്കുന്നു. സോഷ്യൽ മീഡിയാകളിൽ ജാതികളുടെ മുൻപിൽ ആത്മീക തലത്തിൽ നടക്കുന്ന പല അനാത്മീക വിഷയങ്ങളും വിളിച്ചു പറഞ്ഞും പോസ്റ്റിട്ടും മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണണം എന്നു പഠിപ്പിച്ച റബ്ബിയുടെ അനുയായികൾ ലൈക്കും കമന്റുകളും വാങ്ങിക്കൂട്ടുന്നു.

എന്നാൽ ദൈവീക വ്യവസ്ഥയിലേക്ക് വരുമ്പോൾ പഴയ നിയമത്തിൽ ബാഹർ എന്ന എബ്രായ പദം അർത്ഥമാക്കുന്നത് ഒരു ഗണത്തിലോ, കൂട്ടത്തിലോ ഉൾപ്പെടുന്നവയെ എല്ലാം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം അതിൽ നിന്ന് ഒരു വ്യക്തിയെയോ വസ്തുവിനെയോ സ്വന്ത ഇച്ഛ പോലെ തിരഞ്ഞെടുക്കുക എന്നതാണ്. ഉദാ: ശൗൽ. പുതിയ നിയമത്തിൽ ഇതിനെ എക്സാ ലക്സാറ്റോ എന്ന ഗ്രീക്കു പദത്താൽ സൂചിപ്പിക്കുന്നു. ഇത് അർത്ഥമാക്കുന്നത് പ്രപഞ്ചം, ലോകം, സകല ചരാചരങ്ങൾ എന്നിവയെ സൃഷ്ടിക്കുന്നതിന് മുമ്പ് മനുഷ്യനെ തിരഞ്ഞെടുത്തു എന്നാണ്. ഇതാണ് എഫെസ്യ ലേഖനം 1:4 ൽ നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പെ എന്നു പറയുമ്പോൾ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനും മുമ്പെ നമ്മെ തിരഞ്ഞെടുത്തു. നാം ലോകത്തിൽ ഉരുവായപ്പോൾ നമ്മുടെ മേലുള്ള തിരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതിന് നമ്മെ വേർതിരിച്ചു.

ലോകത്തിൽ നമ്മെ ആരു മാറ്റി നിർത്തിയാലും ദൈവം നമ്മെ തിരഞ്ഞെടുത്തതാണ് ഒന്നാമത്തെ അനുഗ്രഹം എന്ന് റോമൻ കാരാഗൃഹത്തിന്റെ ഉള്ളറയിൽ കിടന്നപ്പോഴും പൗലോസ് എഫസോസിലെ വിശ്വാസികളോട് ലേഖനത്തിലൂടെ ഉദ്ധരിച്ചത് അവരെ ഉറപ്പിക്കുന്നു. പുതിയ നിയമ സഭയുടെ ആത്മീയ അനുഗ്രഹം യേശുക്രിസ്തുവിലൂടെയാണ്. ഇത് പ്രാപിക്കുന്നതിനാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത്. ആദിമ മനുഷ്യനെ ദൈവത്തെ ആരാധിക്കുവാൻ വേണ്ടി തിരഞ്ഞെടുത്തപ്പോൾ ദൈവീക കല്പന ലംഘിച്ചതിനാൽ അവർ ഏദനിൽ നിന്നും പുറത്താക്കപ്പെട്ടു. നഷ്ടപ്പെട്ട മനുഷ്യനെ മടക്കി വരുത്തുവാൻ പദ്ധതി തയ്യാറാക്കിയ ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ അത് പൂർത്തീകരിച്ചു.

ദൈവം മനുഷ്യനെ തിരഞ്ഞെടുത്തത് കർത്താവിന്റെ മണവാട്ടി സഭയുടെ അംഗമാകുന്നതിന് വേണ്ടിയാണ്. പലപ്പോഴും നാം ഈ തിരഞ്ഞെടുപ്പിന്റെ മഹത്വം മനസ്സിലാകാതെ ദൈവത്തിൽ നിന്ന് അകന്നു പോകുന്നു. എന്നാൽ ദൈവത്തിന്റെ നിരന്തരമായ ദയ നമ്മെ ആ ഭാഗ്യപദവിയുടെ ഓഹരിക്കാരും പങ്കാളികളുമാക്കാൻ തേടിവരുന്നു. വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധവംശവും സ്വന്തജനവും ആയി നമ്മെ അവൻ തിരഞ്ഞെടുത്തു. ആകയാൽ വിശ്വാസ പോർക്കളത്തിൽ ദൈവീക പദ്ധതി അനുസരിച്ച് അന്ത്യംവരെയും നിലനിൽക്കാം. ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

□




THE ENDTIME NEWS is pleased to announce the launch of our new website



പാസ്റ്റർ സാംകുട്ടി വർഗ്ഗീസ്

# തിരഞ്ഞെടുപ്പ് അഥവാ ഇലക്ഷൻ

(എഫെസ്യർ 1:4)

ലോകത്തിൽ നാം ശ്രദ്ധിക്കുമ്പോൾ ഏതു കാര്യത്തിനും ഒരു തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. അത് ആത്മീക തലത്തിൽ ആയാലും ഭൗതീക തലത്തിൽ ആയാലും. നമുക്ക് ഇഷ്ടപ്പെട്ട ഒരു വസ്തു വാങ്ങാൻ എത്ര സമയം വേണമെങ്കിലും ചിലവഴിക്കാൻ നാം തയ്യാറാണ്. തിരഞ്ഞെടുപ്പ് എന്ന പദത്തിന് ചില വ്യക്തികളെയോ, ഗണത്തെയോ, ഒരു പ്രത്യേക ഉദ്ദേശത്തിന് വേണ്ടി വേർതിരിക്കുക എന്ന അർത്ഥമാണ് സൂചിപ്പിക്കുന്നത്. ലോകത്തിൽ മനുഷ്യന്റെ തിരഞ്ഞെടുപ്പ് ഏറ്റവും ശ്രേഷ്ഠമേറിയതിനെയും, കഴിവുറ്റതിനെയും, ബലമേറിയതിനെയുമാണ്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ പലപ്പോഴും നാം ശ്രേഷ്ഠമേറിയതെന്ന് കരുതി തിരഞ്ഞെടുക്കുന്ന പലതും ഹീനമേറിയതും നമുക്ക് തന്നെ വേദനയായി തീരുന്നതുമാണ്. അത് രാഷ്ട്രീയത്തിൽ ആയാലും, കുടുംബത്തിൽ ആയാലും, വിദ്യാഭ്യാസ രംഗത്ത് ആയാലും. ഞാൻ ഏറ്റവും നല്ലതും മറ്റാർക്കു ലഭിക്കാത്തതും ആണ് തിരഞ്ഞെടുത്തതെന്ന് നാം അഭിമാനം കൊള്ളാറുണ്ട്. എന്നാൽ കാലഗതിയിൽ അത് തെറ്റായിപ്പോയി എന്നുവരും. ഭരണകർത്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ഏറ്റവും മികച്ചത് എന്ന് അനുയായികൾ കരുതി തിരഞ്ഞെടുക്കും . എന്നാൽ അവർ മറ്റുപലർക്കും ഉപദ്രവമായി തീരും മനുഷ്യൻ ഇന്ന് ഏറ്റവും മികച്ചത് എവിടെ കിട്ടും എന്നു തിരഞ്ഞ് അലയുമ്പോൾ ശ്രേഷ്ഠമേറിയതിനെയും, ബലമേറിയതിനെയും തിരയുമ്പോൾ ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്.

ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. മനുഷ്യനായി പിറന്ന ആരും ഒരു നാളും ഭോഷത്വമായതിനെയോ ബലഹീനമായതിനെയോ തിരഞ്ഞെടുക്കാറില്ല. അവിടെയാണ് ശ്രേഷ്ഠനായ ദൈവത്തിന്റെ മഹത്വം വെളി

P-9



## മിഷൻ ലീഡേഴ്സ് പ്രൊഫഷണൽ കോൺഫറൻസ് മെയ് 18 – 25 വരെ

ബനാകിങ്ടം ഫൗണ്ടേഷന്റെയും, നാഷണൽ പ്രെയർ ടീമിന്റെയും ആഭിമുഖ്യത്തിൽ മിഷൻ ലീഡേഴ്സ് പ്രൊഫഷണൽ കോൺഫറൻസ് മെയ് 18–25 വരെ കഞ്ഞിക്കുഴി ഡെലിവറൻസ് ചർച്ചിൽ നടക്കും.പാസ്റ്റർമാരായ ഷാജൻ ജോർജ്ജ്, രാജു കെ തോമസ്, സിജി സി എക്സ്, സാംസൺ ഹംബേരി, അനീഷ് മനോ സ്റ്റീഫൻ, റോയ് മാത്യൂ,ലിനീഷ് എബ്രഹാം,ഡോ.എബി പി മാത്യൂ, ബ്രദർ ബിജി അഞ്ചൽ, റജി മാത്യൂ, ക്യാപ്റ്റൻ രാജേഷ് ഡാനിയേൽ എന്നിവർ പ്രസംഗിക്കും. കേരളത്തിൽ നിന്നുള്ളവർക്കു പുറമേ ആസാം,ഒറീസാ, ഉത്തർപ്രദേശ്,നാഗാലാന്റ് എന്നിവിടങ്ങളിൽ നിന്നുള്ളവരും പങ്കെടുക്കും. ശ്രീകാന്ത് (ഉത്തർപ്രജേശ്) സ്റ്റാൻലി (കുമളി) രാജരത്നം (ആന്ധ്രാപ്രദേശ്) എന്നിവർ ഗാനങ്ങൾ ആലപിക്കും.

## പി വൈ പി എ ഷാർജ സംഘടിപ്പിക്കുന്ന ഉപവാസ പ്രാർത്ഥന മെയ് 19 – 25 വരെ

ഐ പി സി ഷാർജയിൽ പിവൈപിഎയുടെ നേതൃത്വത്തിൽ യൂണിയൻ ചർച്ചിൽ മെയ് 19 മുതൽ 25 വരെ ഉപവാസ പ്രാർത്ഥന നടക്കുന്നു. പാസ്റ്റർ ബിജു മുളവന മുഖ്യ ശുശ്രൂഷകനായിരിക്കും. വിശദ വിവരങ്ങൾക്ക് പാസ്റ്റർ മോൻസി എം ജോൺ :0502231842

## പാസ്റ്റർ കെ കെ ജോസഫ് വീണ്ടും പി എം ജി ചർച്ച് പ്രസിഡന്റ്







പെന്തക്കോസ്ത് മാറാനാഥാ ഗോസ്പൽ ചർച്ച് ജനറൽ പ്രസ്ഡന്റായി നാലാം തവണയും പാസ്റ്റർ കെ കെ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടു.പാസ്റ്റർ ജേക്കബ് നേശമണി (ജന. സെക്രട്ടറി) പാസ്റ്റർ എബ്രഹാം തരകൻ (ട്രഷറർ) ജനറൽ കൗൺസിൽ അംഗങ്ങളായി പാസ്റ്റർ എം എ വർഗ്ഗീസ്,പാസ്റ്റർ കെ എം ജോർജ്ജ്,പാസ്റ്റർ ടി ജി ജോസ്, പാസ്റ്റർ എസ് ഹാരീസ്,പാസ്റ്റർ മനോഷ് കെ ബാബു, ഇവാ.തോമസ്കുട്ടി എന്നിവരെ തിരഞ്ഞെടുത്തു. തിരുവനന്തപുരം സഭാ ആസ്ഥാന മന്ദിരത്തിലെ കർമേൽ പ്രയർ ഹാളിൽ ഏപ്രിൽ 26 ന് നടന്ന പി ജി എം ചർച്ച് മിനിസ്റ്റീരിയൽ ബോഡിയാണ് 2018–2021 വർഷങ്ങളിലേയ്ക്ക് ജനറൽ കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

## തിരുവല്ലയിൽ സംഗീതമഹാസംഗമം ഡിസംബർ 25ന്

തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ഡിസംബർ 25ന് 1000 സംഗീതജ്ഞരും ലക്ഷം ശ്രോതാക്കളുമായി ഒന്നായ് പാടാം യേശുവിനായ് സംഗീത മഹാസംഗമം ഒരുക്കുന്നു.പവർവിഷൻ ചാനൽ ചെയർമാൻ ഡോ.കെ.സി.ജോൺ ലഘുസന്ദേശം നൽകും. മഹാകവി കെ. വി.സൈമൺ, സാധുകൊച്ചുകുഞ്ഞ് ഉപദേശി, അന്നമ്മ മാമ്മൻ, എം.ഇ.ചെറിയാൻ, ടി. കെസാമുവൽ, ഇ വി വർഗ്ഗീസ്, വി.നാഗൽ, സി.എസ് മാത്യൂ, പി. വി.ചുമ്മാർ, ജെ.വി.പീറ്റർ തുടങ്ങിയ മൺമറഞ്ഞ ഭക്തൻമാരുടെ നാവിൽ നിന്നും അടർന്നു വീണ വരികൾ ഇന്ന് ലക്ഷങ്ങൾ ഏറ്റു പാടുമ്പോൾ അതിന്റെ പൂർവ്വകാല യാത്ര കൂടിയാകും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്ന് പരമ്പരകളാണുള്ളത്. ഇതിൽ ഡോ.ബ്ലസ്സൻ മേമനയുടെ സാന്നിധ്യവും സംഗീത സംഗമത്തിൽ ഉണ്ടായിരിക്കും. ഡോ.കെ.സി.ജോൺ (പ്രസിഡന്റ്) ജോജി ഐപ്പ് മാത്യൂ(സെക്രട്ടറി) എൻ.എം.രാജു(ചെയർമാൻ) റ്റി. എം. മാത്യൂ(ജന.കൺവീനർ) ഭക്തവത്സലൻ (മ്യൂസിക് ജന.കൺവീനർ) ബിന്നി മാത്യൂ(മ്യൂസിക് കൺവിനർ) ബിനു വടശ്ശേരിക്കര (പ്രോഗ്രാം കൺവീനർ) എന്നിവരാണ് കമ്മറ്റി അംഗങ്ങൾ. പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു വിപുലമായ ക്രമീകരണങ്ങൾക്കുള്ള ജനറൽ കമ്മറ്റി രൂപീകരണം ഉടൻ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.സെപ്തംബർ 30ന് മുമ്പായി സംഗീത മഹാസംഗമത്തിലേയ്ക്കുള്ള ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി നടക്കുന്നതാണ്.ഫോമുകൾ ആവശ്യമുള്ളവർ ഒന്നായ് പാടാം യേശുവിനായ് എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. സെഗീതത്തോട് താൽപര്യം ഉള്ള യുവതീയുവാക്കളും,വിദ്യാർത്ഥികളും രക്ഷിതാക്കളുടെയും, സഭാപാസ്റ്റർമാരുടെയും ശപാർശയോടെ പൂരിപ്പിച്ച ഫോമുകൾ നൽകണം.ആയിരംപേർ ചേർന്നുള്ള അവസാനഘട്ട പരിശീലനം ഡിസംബർ ആദ്യം തിരുവല്ലയിൽ നടക്കും. നൂറുപേർ വീതമുള്ള സംഘമാകും പ്രാദേശിക തലത്തിൽ ആദ്യഘട്ടപരിശീലനം നടത്തുന്നതെന്ന് ചെയർമാനും,മ്യൂസിക് കൺവീനറും അറിയിച്ചു. വിശദവിവരങ്ങൾക്ക് 07829344049, 9446392303,9495834994, 9496325855.




THE ENDTIME NEWS is pleased to announce the launch of our new website

# the END TIME NEWS

VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM


ലോകമെമ്പാടുമുള്ള അനുവാചകർക്ക് മുമ്പിൽ **എൻടൈം ന്യൂസ്** ഒരു പുതിയ വെബ്സൈറ്റ് ആരംഭിക്കുന്ന് വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

ജൂലൈ 19 മുതൽ 22 വരെ ഡാളസിൽ വച്ച് നടക്കുന്ന 16-ാമത് ഐ. പി.സി ഫാമിലി കോൺഫ്രൻസിൽ ജൂലൈ 20ന് **പാസ്റ്റർ ബേബി വർഗ്ഗീസ്** സ്വിച്ച് ഓൺ കർമ്മം നിർവ്വഹിക്കുന്നു.

എൻടൈം ന്യൂന് ആഡ്രോയിഡിലും ഐഒഎസിലും ലഭ്യമാണ്.

## Inauguration



DrBaby Varghese






Available on the iPhone App Store

ANDROID APP ON Google play

# Harvesting souls mission

Harvesting Souls Mission



Our Vision

To establish indigenous healthy growing churches that will make a significant gospel impact within the culture, people groups, communities, multiple generations in India.
To establish strategic partnership with existing ministries to facilitates more and more batter church planting movements in various regions of India.
To grow our churches through effective evangelism and gospel centered discipleship that produces both born again experiences and subsequent transformation of the whole person, whole families and whole culture.
To recruit, train, and send native workers who have a definite call from the Lord and intense commitment for the end time Harvesting of Souls.
The Great commission of our Lord Jesus Christ is carried out through preaching the glorious gospel of the blessed God in villages and streets, city and nation-wide.

E-mail: harvestingsoulsmission@gmail.com

www.harvestingsoulsmissioninc.org

Share on

printed,published and owned by harvestingsoulsmission,chief editor Baiju Yacob